98 (1698) ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിലെ റാങ്ക് ലിസ്റ്റ്

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 4.3.1995-ൽ വ്യവസായ വാണിജ്യ വകുപ്പിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ആഫീസർ തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് ഏതു തീയതിലാണ്;

(ബി) റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേർക്ക് നിയമനം കൊടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു വരുന്നു.

99 (1699) തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് നിയമഭേദഗതി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തസ്തികമാറ്റം വഴി അസിസ്റ്റന്റ് ഗ്രേഡ് 1 ആയി ടൈപ്പിസ്റ്റ്/സി.എ. തസ്തികയിലുള്ളവർക്ക് നിയമനം ലഭിക്കാനുള്ള നിയമത്തിൽ ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഈ നിയമം ഭേദഗതി വരുത്തുന്നതിനുള്ള കാലതാമസം എന്താണ് എന്ന് അറിയിക്കുമോ;

(സി) ഭേദഗതി വരുത്തിയ നിയമത്തിന് എന്നുമുതൽ പ്രാബല്യം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഡി) ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സീനിയർ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരെക്കൂടി തസ്തികമാറ്റം വഴി അസിസ്റ്റന്റ് ഗ്രേഡ് 1 ആയുള്ള നിയമനത്തിനു പരിഗണിക്കണമെന്നുള്ള അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സ്പെഷ്യൽ റൂൾസ് ഭേദഗതി ആവശ്യമായതിനാൽ വിശദമായ പരിശോധനയും നിയമപ്രകാരമുള്ള നടപടിക്രമങ്ങളും പാലിക്കേണ്ടതുണ്ട്.

(സി) ഇക്കാര്യം ഭേദഗതി വരുത്തുമ്പോൾ പരിഗണിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

100 (1702) പോലീസ് സ്റ്റേഷനുകളെ ഇന്റർ നെറ്റിലൂടെ ബന്ധിപ്പിക്കുവാൻ സംവിധാനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇന്റർ നെറ്റിലൂടെ ബന്ധിപ്പിക്കാനും പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഇ-മെയിലി ലൂടെ പരസ്പരം ബന്ധപ്പെടാനുതകുംവിധമുള്ള സംവിധാനമുണ്ടാക്കുമോ;

(ബി) സംസ്ഥാന പോലീസിന് ക്രിമിനോളജി, സാലിസ്റ്റിക്സ്, മന ശാസ്ത്രം, തുടങ്ങിയ വിഷയങ്ങളിൽ ഇൻസർവ്വീസ് കോഴ്സുകൾ നടത്തുവാ നുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(സി) പോലീസിന്റെ ആധുനികവൽക്കരണത്തിനുവേണ്ടി നിയമ നിർമ്മാണം നടത്തേണ്ടതുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇന്റർനെറ്റി ലൂടെ ബന്ധിപ്പിക്കാനും പോലീസ് ഉദ്യോഗസ്ഥർക്ക് ഇ-മെയിലിലൂടെ ബന്ധ പ്പെടാനും കഴിയുന്ന വിധത്തിലുള്ള സംവിധാനം ഉണ്ടാക്കുവാനുമുള്ള സാദ്ധ്യ തകളെക്കുറിച്ച് പഠിച്ചുവരുകയാണ്.

(ബി) ഇപ്പോൾ നടത്തുന്ന ഇൻസർവ്വീസ് കോഴ്സുകളിൽ പ്രസ്തുത വിഷയങ്ങൾ ഉൾപ്പെടുത്താറുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

101 (1704) **സഹകരണ സംഘങ്ങളുടെ ഭാരവാഹികൾക്കും ജീവനക്കാർക്കും എതിരെയുള്ള അഴിമതികേസ്സുകൾ**

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ പ്രവർത്തനത്തിൽ അഴിമതി നടത്തിയതിന്റെ പേരിൽ കഴിഞ്ഞ മൂന്നു കൊല്ലക്കാലത്ത് എത്ര സഹകരണ സംഘം ഭാരവാഹികൾക്കെതിരെയും എത്ര സഹകരണസംഘം ജീവന ക്കാർക്കെതിരെയും ക്രിമിനൽ കേസ്സുകൾ എടുത്തു എന്നതിന്റെ ലിസ്റ്റ് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ അഴിമതി സാദ്ധ്യത കൂടുതലുള്ള എക്സൈസ്, മോട്ടോർ വെഹിക്കിൾ തുടങ്ങിയ വകുപ്പുകളിൽ വിജിലൻസ് റെയ്ഡ് സ്ഥിരമായി നട ത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം ഒന്നിലും രണ്ടിലും വിവരം ചേർത്തിട്ടുണ്ട്.†

(ബി) എക്സൈസ്, മോട്ടോർ വെഹിക്കിൾ തുടങ്ങിയ വകുപ്പുകളിലെ അഴിമതിയെ സംബന്ധിച്ച് രഹസ്യ വിവരങ്ങൾ ശേഖരിക്കാനും അതേ സംബ ന്ധിച്ച് യുക്തമായ സന്ദർഭങ്ങളിൽ സർപ്രൈസ് ചെക്കുകൾ നടത്താനും വിജി ലൻസ് അഴിമതി നിരോധന ബ്യൂറോയിലെ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly